**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 420 — 25/06/2019-ൽ മറുപടിയ്ക്ക്

**വാണിജ്യവൽക്കരിക്കപ്പെട്ട പ്രീ-പ്രൈമറി മേഖല**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പ്രദീപ്കുമാർ**<br>**ശ്രീ.പി.ഉണ്ണി**<br>**ശ്രീ.ഒ.ആർ.കേളു**<br>**ശ്രീ.ആർ.രാജേഷ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) വിദ്യാഭ്യാസരംഗത്ത് ഏറ്റവുമധികം വാണിജ്യവൽക്കരിക്കപ്പെട്ട പ്രീ-പ്രൈമറി മേഖലയിൽ ശിശു സൗഹൃദ അന്തരീക്ഷത്തിൽ മാനസികോല്ലാസത്തോടെ പ്രാഥമിക വിദ്യാഭ്യാസത്തിന് കുട്ടികളെ തയ്യാറാക്കുക എന്ന പ്രവർത്തനം ശാസ്ത്രീയമാക്കുന്നതിനും അമിതമായ ഫീസും പ്രവേശനത്തിനുള്ള അഭിമുഖ പരീക്ഷയും ഉൾപ്പെടെയുള്ള അസ്വീകാര്യമായ നടപടികൾ അവസാനിപ്പിയ്ക്കുന്നതിനും വേണ്ട ഇടപെടൽ നടത്താൻ സാധിക്കുമോ; | (എ) നിലവിൽ സർക്കാർ സ്കൂളുകളിൽ പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും സർക്കാർ നേരിട്ട് നടത്തുന്നതുമായ പ്രീ-പ്രൈമറികൾക്കാണ് സർക്കാർ അംഗീകാരമുള്ളത്. പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളിൽ നിന്ന് ഫീസ് പിരിയ്ക്കുന്നത് നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) സ്വകാര്യ സ്ഥാപനങ്ങളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർ യോഗ്യത നേടിയവർ ആണെന്ന് ഉറപ്പുവരുത്താൻ നടപടിയുണ്ടാകുമോ; | (ബി) എയ്ഡഡ്/സ്വകാര്യ മേഖലകളിലെ പ്രീ-പ്രൈമറികളെ സർക്കാർ അംഗീകരിച്ചിട്ടില്ല. |
| (സി) സർക്കാർ മേഖലയിൽ പ്രീ-പ്രൈമറി സ്ഥാപനങ്ങൾ വ്യാപിപ്പിച്ച് മാതൃകാ സ്ഥാപനങ്ങളാക്കി ശിശുക്കൾക്ക് ശാസ്ത്രീയമായ പ്രീ-സ്കൂൾ അനുഭവം സാധ്യമാക്കാൻ നടപടിയുണ്ടാകുമോ; | (സി) സർക്കാർ മേഖലയിൽ പ്രീ-പ്രൈമറി സ്ഥാപനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്കൂളുകളിൽ പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന 07/12/2012 വരെയുള്ള പ്രീ-പ്രൈമറികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) സംസ്ഥാനത്തെ ലോവർ പ്രൈമറി സ്കൂളുകളെ ശിശുസൗഹൃദ വിദ്യാലയങ്ങളാക്കാൻ പരിപാടി യുണ്ടോ; വ്യക്തമാക്കാമോ? | (ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എസ്.സി.ഇ. ആർ.ടി, സമഗ്രശിക്ഷാ കേരള എന്നിവയുടെ ആഭിമുഖ്യ ത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ അധ്യാപകർക്കും ആയമാർക്കും രക്ഷാകർത്താക്കൾക്കും പരിശീലനം, ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തു വരുന്നു. |

Reena

സെക്ഷൻ ഓഫീസർ